# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2519** — **12.06.2018- ൽ മറുപടിയ്ക്ക്**

## വിലക്കയറ്റം

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമബംഗാളിൽ നിന്നും അരി ഇറക്കുമതി ചെയ്ത് 680 'അരിക്കടകൾ' ആരംഭിച്ച് സുവർണ്ണ മസ്സൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25/- രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 196 ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും 59 മൊബൈൽ ത്രിവേണികളിലൂടെയും സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തി വരുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാളും കുറഞ്ഞനിരക്കിൽ വിൽപ്പന നടത്തിവരുന്നുണ്ട്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലൂടെ ഇത്തരത്തിൽ നടന്നുവരുന്ന വിപണിയിലെ ഇടപെടലുകൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹായകമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇവ കൂടുതൽ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുവിപണിയിലെ ഇടപെടലും വിലസ്ഥിരതയും ലക്ഷ്യമിട്ട് കൺസ്യൂമർ ഫെഡറേഷന്റെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് 750 ഓളം വിപണന കേന്ദ്രങ്ങളിലൂടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന വിപണി ഇടപെടൽ നടത്തുന്ന പദ്ധതി പരിഗണനയിലാണ്. റംസാൻ പ്രമാണിച്ച് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ 13 ജില്ലാകേന്ദ്രങ്ങളിൽ 2018 ജൂൺ 9 മുതൽ 13 വരെ 5 ദിവസത്തേക്ക് റംസാൻ വിപണി സംഘടിപ്പിക്കുന്നു. കോഴിക്കോട് ജില്ലയിൽ കൺസ്യൂമർ ഫെഡറേഷന്റെ മൊബൈൽ ത്രിവേണികളുടെ സേവനം പ്രയോജനപ്പെടുത്തി റംസാൻ വിപണിയുടെ ആനുകൂല്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. 2018 ഓണത്തോടനുബന്ധിച്ച് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലൂടെ 3500 ഓണവിപണികൾ 10 ദിവസം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**